# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3721 — 20/06/2019-ൽ മറുപടിയ്ക്ക്

### <u>കുട്ടികൾക്ക് എതിരെയുള്ള പീഡനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ് | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) കുട്ടികൾക്ക് അവരുടെ വീടുകളിൽ നിന്നുപോലും ഭീകരമായ പീഡനങ്ങൾ ഏൽക്കുന്ന സാഹചര്യം പരിഗണിച്ച് അത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ; | എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടുതലും സ്വന്തം കുടുംബങ്ങളിൽ നിന്നും ആയതിനാൽ കുട്ടികളുടെ സംരക്ഷണം ഉത്തരവാദിത്വരക്ഷകർത്തൃത്വം എന്നിവയിൽ മാതാപിതാക്കളെ ബോധവൽക്കരിയ്ക്കുന്നതിനും കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം ഉറപ്പാക്കുന്നതിനുമായി മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതു സമൂഹം എന്നിവരെ ഉൾപ്പെടുത്തി **'കരുതൽ സ്പർശം – കൈകോർക്കാം കുട്ടികൾക്കായി '** എന്ന ക്യാമ്പയിൻ 2019 ജൂൺ ഒന്ന് മുതൽ 2019 നവംബർ പതിനാല് വരെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ സംസ്ഥാന തലങ്ങളിൽ നടത്തുന്നതിന് തീരുമാനിക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2019 ജൂൺ ഒന്നിന് നടത്തുകയും ചെയ്തിട്ടുണ്ട്.<br>ഇത് സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ക്യാമ്പയിനുമായി ബന്ധപ്പെട്ട് 2019 മേയ് 29-ന് 'റെസ്പോൺസിബിൾ പാരന്റിംഗിനെ സംബന്ധിച്ച് തത്സമയ ബോധവൽക്കരണ പരിപാടി കൈറ്റ്, വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്തിരുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ജെ.ജെ ആക്ട്, പോക്സോ ആക്ട് എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലാ |

| | |
|---|---|
| | ജഡ്ജ് അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും ഡിസ്ട്രിക് ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ അതിനെക്കുറിച്ചുള്ള വിവരം അധികൃതർക്ക് നൽകണമെന്നത് സംബന്ധിച്ച് ജനങ്ങൾക്ക് ബോധവത്കരണം നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ